Draft #1 of File 1927/PD 7-2/2025/PD 7 Approved by ASSISTANT REGISTRAR XVI (EXAM) on 18-Sep-2026 12:48 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാലയുടെ കീഴിൽ നടന്നുവരുന്ന വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഡ്യൂപ്ലിക്കേറ്റ് ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങളും ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട രേഖകളും അംഗീകരിച്ചുകൊണ്ട് ബഹു . വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

---

**പരീക്ഷ വിഭാഗം പി.ഡി 7 സെക്ഷൻ**

നമ്പർ. 8357/PD 7/2026/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 18.09.2026

---

*പരാമർശം:*-DDFS File No. 1927/PD7 - 2/2025/PD 7 - ലെ ബഹു. വൈസ് ചാൻസലറുടെ 10.07.2026 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഡ്യൂപ്ലിക്കേറ്റ് ഡിഗ്രി സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുമ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ സ്കാൻ ചെയ്ത് ഉൾപ്പെടുത്തേണ്ട രേഖകൾ അംഗീകരിച്ചുകൊണ്ടും ബഹു. വൈസ് ചാൻസലർ പരാമർശം പ്രകാരം ഉത്തരവായിരിക്കുന്നു.

1. രജിസ്റ്റർ ചെയ്ത നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സ്റ്റാമ്പ് പേപ്പറിലെ സത്യവാങ്മൂലം.

* ഓൺലൈനായി സമർപ്പിച്ചതിന് ശേഷം ഫിസിക്കൽ കോപ്പിയും ഓൺലൈൻ അപേക്ഷയുടെ രസീത് പകർപ്പും സഹിതം സർവ്വകലാശാലയിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

2. കോളേജ് പ്രിൻസിപ്പലിൽ നിന്നുള്ള എൻ.ഒ.സി. പരീക്ഷാ മാനുവൽ (Chapter 9.5 (3)) പ്രകാരം റഗുലർ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം പ്രിൻസിപ്പലിൽ നിന്നും Course and Conduct Certificate- ഉം പ്രൈവറ്റ് വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള Conduct Certificate -ഉം സമർപ്പിക്കേണ്ടതാണ്. കോളേജ് / പരീക്ഷാ സെന്റർ നിലവിൽ പ്രവർത്തനരഹിതമായിരിക്കുന്ന സാഹചര്യങ്ങളിലും പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ Conduct Certificate സമർപ്പിക്കേണ്ടതാണ്.

3. കേടുപാടുകൾ സംഭവിച്ച യഥാർത്ഥ ബിരുദ സർട്ടിഫിക്കറ്റ് തിരികെ സമർപ്പിച്ച് ഡ്യൂപ്ലിക്കേറ്റ് ഡിഗ്രിയ്ക്ക് അപേക്ഷിക്കുമ്പോൾ കോളേജ് പ്രിൻസിപ്പലിൽ നിന്നുള്ള എൻ.ഒ.സി, നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സ്റ്റാമ്പ് പേപ്പറിലെ സത്യവാങ്മൂലം എന്നിവ ഒഴിവാക്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4. എസ്.എസ്.എൽ.സി / പത്താം തത്തുല്യ സർട്ടിഫിക്കറ്റ്.

(ഡയറക്ട് ഡിഗ്രി സ്കീം വഴി ബിരുദം നേടിയവർ ആധാർ കാർഡിന്റെയോ പാസ്പോർട്ടിന്റെയോ പകർപ്പ് ഹാജരാക്കണം)

5. മാർക്ക് ലിസ്റ്റുകളുടെ / ഗ്രേഡ് കാർഡുകളുടെ പകർപ്പുകൾ: -

- വാർഷിക സ്കീമിലെ യു.ജി പ്രോഗ്രാമുകളുടെ കാര്യത്തിൽ, അപേക്ഷകർ പാർട്ട് I, II, III എന്നിവയുടെ ഫലങ്ങൾ കാണിക്കുന്ന മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്യണം.
- സെമസ്റ്റർ സ്കീമിലെ യു.ജി പ്രോഗ്രാമുകളുടെ കാര്യത്തിൽ, അപേക്ഷകർ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് അപ്‌ലോഡ് ചെയ്യണം.
- ബി.എഡ് പ്രോഗ്രാമിന്റെ കാര്യത്തിൽ, അപേക്ഷകർ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് അപ്‌ലോഡ് ചെയ്യണം.
- വാർഷിക സ്കീമിലെ പി.ജി പ്രോഗ്രാമുകളുടെ കാര്യത്തിൽ, അപേക്ഷകർ ഒന്നും രണ്ടും വർഷ ഫലങ്ങൾ കാണിക്കുന്ന മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്യണം.
- സെമസ്റ്റർ സ്കീമിലെ പി.ജി പ്രോഗ്രാമുകളുടെ കാര്യത്തിൽ, അപേക്ഷകർ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് അപ്‌ലോഡ് ചെയ്യണം.
- യൂണിവേഴ്സിറ്റി നടത്തിയിരുന്ന പാരാമെഡിക്കൽ പ്രോഗ്രാമുകളുടെ കാര്യത്തിൽ, അപേക്ഷകർ എല്ലാ മാർക്ക് ലിസ്റ്റുകളുടെയും പകർപ്പുകൾ അപ്‌ലോഡ് ചെയ്യണം. [ബി.എസ് സി. നഴ്സിംഗ്, ബി.ഫാം, ബിപിടി, ബി.എസ് സി - എംആർടി, എംഎംബി, എംഎൽടി, ഒപ്റ്റോമെട്രി, നഴ്സിംഗ് (പോസ്റ്റ് ബേസിക്)]
- സെമസ്റ്റർ സ്കീമിൽ (2008 വരെ) സർവകലാശാല നടത്തിയ പഴയ പ്രൊഫഷണൽ യുജി പ്രോഗ്രാമുകളുടെ കാര്യത്തിൽ, എല്ലാ സെമസ്റ്ററുകളുടെയും മാർക്ക് പരാമർശിച്ചിരിക്കുന്ന ഫൈനൽ ഗ്രേഡ് കാർഡിന്റെ പകർപ്പ് അപേക്ഷകർ അപ്‌ലോഡ് ചെയ്യണം.

6. നഷ്ടപ്പെട്ട ഡിഗ്രി സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് അപേക്ഷകന്റെ പക്കൽ ലഭ്യമാണെങ്കിൽ അപ്‌ലോഡ് ചെയ്യണം.

7. കേടുപാടുകൾ സംഭവിച്ച യഥാർത്ഥ ബിരുദ സർട്ടിഫിക്കറ്റിന് പകരമായി ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനു അപേക്ഷിക്കുന്നവർ, പ്രസ്തുത യഥാർത്ഥ സർട്ടിഫിക്കറ്റും ഓൺലൈൻ അപേക്ഷയുടെ രസീത് പകർപ്പും സഹിതം സർവകലാശാലയിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സന്തോഷ് നായർ പി

അസിസ്റ്റന്റ് രജിസ്ട്രാർ 16 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി

2.രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ

3.ജെ ആർ II (ഭരണ വിഭാഗം) / ഡി ആർ II / എ ആർ III (അക്കാദമിക് വിഭാഗം)

Draft #1 of File 1927/PD 7-2/2025/PD 7 Approved by ASSISTANT REGISTRAR XVI (EXAM) on 18-Sep-2026 12:48 PM - Page 2

4.ജെ ആർ I, II, III, IV / ഡി ആർ I, II, III, IV, V, VI, IX /എ ആർ I, VI, VIII, IX, X, XI, XII, XIV, XV, XVI, XIX, XXIII, XXIV (പരീക്ഷാ വിഭാഗം)

5.എല്ലാ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ടാബുലേഷൻ സെക്ഷനുകൾക്കും

6.എല്ലാ പി ഡി സെക്ഷനുകൾക്കും

7.എ സി എ 1,3,4,5,12 / എ സി ബി 6,7 സെക്ഷനുകൾ

8.ഐ ടി സെൽ 1,2 സെക്ഷനുകൾ

9.പി ആർ ഒ / റെക്കോർഡ് സെക്ഷനുകൾ

10.കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 1927/PD 7-2/2025/PD 7 Approved by ASSISTANT REGISTRAR XVI (EXAM) on 18-Sep-2026 12:48 PM - Page 3

The document is digitally approved. Hence signature is not needed.